**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1789** **09-12-2022 - ൽ മറുപടിയ്ക്ക്**

**മൂല്യ വർദ്ധിത കൃഷി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷികോല്പാദന ക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള മൂല്യ വർദ്ധിത കൃഷി മിഷന്റെ വിശദാംശം നൽകുമോ; | (എ) | കാർഷികഉല്പന്നങ്ങളെമൂല്യവർദ്ധിത ഉല്പന്നമാക്കിമാറ്റുന്നതിനുംകൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കൽ, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക,ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർധിത കൃഷി മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രാഥമിക കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദന/ നിർമാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദശങ്ങൾ/ ശുപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മിഷന്റെ ഭാഗമായി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി സുസ്ഥിര വിപണിയുറപ്പാക്കാൻ പദ്ധതിയുണ്ടോ; ഉല്പന്നങ്ങളുടെ വിപണനത്തിനായി കാര്യക്ഷമമായ സംവിധാനം | (ബി) | ഉണ്ട്. സിയാൽ മാതൃകയിൽ കേരള അഗ്രി ബിസിനസ്സ് കമ്പനി എന്ന ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു |

| | | | |
|---|---|---|---|
| | ഒരുക്കുന്നതിന് കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | |
| (സി) | ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകി യുവജനങ്ങളെ സംരംഭകരാക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ജനങ്ങളെ സംരംഭകരാക്കുവാൻ കേരള കാർഷിക സർവകലാശാലയിൽ ഒരു സ്റ്റാർട്ട്-അപ്പ് ഇൻകുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്. യുവജനങ്ങളെ സംരംഭകരാക്കുന്നതിനായി കേരള സ്റ്റാർട്ട്-അപ്പ് മിഷന്റെ റിസർച്ച് ഇന്നൊവെഷൻ നെറ്റ് വർക്ക് കേരള (റിങ്ക്)പ്ലാറ്റ്ഫോമിലും താല്പര്യമുള്ള എഫ്.പി.ഒ. കൾ എം.എസ്.എം.ഇ കൾ സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് മൂല്യവർദ്ധിത സേവനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക കൈമാറ്റത്തിനുള്ള ഒരു സാങ്കേതിക വെയർ ഹൗസ് പ്രവർത്തിക്കുന്നുണ്ട്. 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്രപരിപാടിക്ക് കീഴിൽ കെ-ഡിസ്ക്, കാർഷിക സർവകലാശാല, വെറ്ററിനറി സർവകലാശാല, ഫിഷറീസ് സർവകലാശാല എന്നിവയുമായി സംയുക്ത വിജ്ഞാന സഹകരണത്തിനും പ്രാദേശിക ഉത്പാദനത്തിനുമായി പ്രോഗ്രാമുകൾ വികസിപ്പിച്ചെടുക്കുന്നുണ്ട്. ആയതിനാൽ ഇതുവഴി ഉത്പാദനം, പോസ്റ്റ് പ്രൊഡക്ഷൻ മേഖലകളിൽ ഉയർന്ന വൈജ്ഞാനിക തൊഴിലവസരങ്ങൾ കൈവരുകയും യുവജനങ്ങളെസംരംഭകരാക്കാൻ സഹായിക്കുകയും ചെയ്യും.<br><br>കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) കേരള ഉത്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകുകയും കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി വഴി ആധുനിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നു. കാർഷിക സർവകലാശാല, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, സമേതി - ആനയറ എന്നിവയുമായി സഹകരിച്ച് യുവസംരംഭകർക്കും സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യം ഉള്ളവർക്കും വിവിധ പരിശീലനങ്ങൾ നൽകിവരുന്നു. ഇതു കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആനുകൂല്യത്തിന്റെ ഭാഗമായി സർക്കാർ ഗവേഷണ സ്ഥാപനങ്ങളിൽ ഉത്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നേടുന്നതിനു ചെലവാകുന്ന പതിനായിരം രൂപ വരെയുള്ള തുക സംരംഭകർക്ക് തിരിച്ച് നൽകുന്നു.ഇതുകൂടാതെ യുവസംരംഭകർക്ക് |

| | | | |
|---|---|---|---|
| | | | ഓൺലൈനായും നിരവധി പരിശീലനങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ